ഹൈടെക് ഓഫീസാക്കി മാറ്റിയിട്ടുണ്ട്. റിസപ്ഷൻ ഹാൾ, വെയിറ്റിംഗ് ഹാൾ, അസ്സെസ്സ്മെന്റ് കം കൗൺസിലിംഗ് റൂം, ട്രെയിനിംഗ് ഹാൾ, കമ്പ്യൂട്ടർ ട്രെയിനിംഗ് ഹാൾ, കോൺഫറൻസ് ഹാൾ, ഹൈ സാനിറ്റേഷൻ ഫെസിലിറ്റീസ്, സൈനേജ് ബോർഡ് എന്നീ സംവിധാനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഓരോ സെന്ററിലും ട്രെയിനിംഗിനായി 30 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

കൊക്കകോള ദുരിതബാധിതർ

12 (*222) ശ്രീ. എം. ഹംസ :

ശ്രീ. എ. കെ. ബാലൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് കേന്ദ്രാനുമതി വാങ്ങാൻ, കഴിഞ്ഞ അഞ്ചുവർഷമായിട്ടും സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(ബി) കേന്ദ്രത്തിലെ മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ട്രിബ്യൂണൽ ഭേദഗതി നിയമത്തിന് അംഗീകാരം നേടിയെടുക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ബിൽ രാഷ്ട്രപതി അംഗീകാരം നൽകാതെ മടക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ് ;

(ഡി) ദുരിതബാധിതർക്ക് നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നു ;

(ഇ) രാഷ്ട്രപതി ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് ബിൽ ഉടൻ പാസ്സാക്കാൻ തയ്യാറാകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ-സി) കേരള നിയമസഭ പാസ്സാക്കിയ 'പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011', ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ 29-3-2011-ൽ ബഹു.രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവന ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19-9-2015-ൽ വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി&ഇ) പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എത്രമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമവിദഗ്ദ്ധരുമായി കൂടി ആലോചിച്ചുവരികയാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ

13 (*223) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മുപ്പതു വർഷം കൂടുമ്പോഴും അതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുന:പരിശോധിക്കാവുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യാൻ നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) ചാലക്കുടി പുഴയിലും ഭാരതപ്പുഴയിലും നീരൊഴുക്കു കുറഞ്ഞതിന്റെ കാരണമായും പാലക്കാട് ജില്ലയിലെ വരൾച്ചക്ക് കാരണമായും ഈ പദ്ധതിയെ വിലയിരുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കരാർ പുനരവലോകനം നടത്തി ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ നടപടി എടുക്കുമോ ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സ്വീകരിച്ചിരുന്നു. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതല ത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്നെങ്കിലും സംയുക്ത ഗേജിംഗിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാഞ്ഞതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly